**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 80** **27-06-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ ക്രമസമാധാനപാലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് ,<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. എ . പി . അനിൽ കുമാർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഈ മാസം കോഴിക്കോട് തിക്കൊടിയിൽ ഒരു ഭരണകക്ഷി യുവജന സംഘടനയുടെ പ്രകടനത്തിൽ പ്രകോപനകരമായ മുദ്രാവാക്യം മുഴക്കിയ സംഭവത്തിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; ഏതൊക്കെ വകുപ്പുകളാണ് ഇവർക്കെതിരെ ചുമത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | പയ്യോളി പോലീസ് സ്റ്റേഷനിൽ ക്രൈം നം. 247/2022 u/s 143, 147, 506, 153, r/w 149 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് പ്രമുഖ പ്രതിപക്ഷ പാർട്ടി ഓഫീസുകൾക്കെതിരെയും നേതാക്കൾക്കെതിരെയും പലയിടത്തും അക്രമങ്ങൾ അരങ്ങേറുമ്പോൾ പോലീസ് അക്രമകാരികൾക്ക് ഒത്താശ ചെയ്യുകയാണെന്ന ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോ; | (ബി) | ഇത്തരം ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | സംസ്ഥാനത്തെ ക്രമസമാധാന നില തകർക്കുന്ന പ്രവർത്തികളിലേക്ക് ഭരണകക്ഷി പാർട്ടികളും യുവജന സംഘടനകളും നീങ്ങുന്നതായി പറയപ്പെടുന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയാൻ പോലീസ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ